"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - 2026-27 സാമ്പത്തിക വർഷം പദ്ധതിക്ക് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.971/2026/LSGD തീയതി,തിരുവനന്തപുരം, 07-05-2026

---

പരാമർശം: തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.04.2026 തീയതിയിലെ LSGD/PD/12357/2026-DPLD3 നമ്പർ കത്ത്.

**ഉത്തരവ്**

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് (AUEGS) വേണ്ടി 2026-27 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ 200 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും നടപ്പ് സാമ്പത്തിക വർഷം വേതന വിതരണത്തിനു വേണ്ടി 180 കോടി രൂപ വേണ്ടി വരുമെന്നുംെ ഭരണ നിർവ്വഹണ ചെലവുകൾക്കായി 6 കോടി രൂപയും മെറ്റീരിയൽ ഇനത്തിൽ 14 കോടി രൂപയും ആവശ്യമായിവരുമെന്നും നടപ്പു സാമ്പത്തിക വർഷം പദ്ധതി പ്രവൃത്തികൾ തടസ്സമില്ലാതെ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ 200 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ അഭ്യർത്ഥന പരിഗണിച്ച്, 2026-27 സാമ്പത്തിക വർഷം അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി ബഡ്ജറ്റിൽ 2217-80-800-76-P-V ശീർഷകത്തിൽ വകയിരുത്തിയ 200 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

ഡെപ്യൂട്ടി സെക്രട്ടറി

To: പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ധനകാര്യ (Planning SC) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഡയറക്ടർ, IKM
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 08-05-2026 10:42:56
സെക്ഷൻ ഓഫീസർ